Minister for Finance· **Shri C. Achutha Menon:**

(a) There is a proposal for the Travancore Bank Ltd., to take over a portion of the assets and liabilities of the Indo-Mercantile Bank Ltd.

(b) As the details of the scheme of taking over have not been finalised, it is not possible to state the exact financial commitment of the State Government at this stage.

(c) There is no such proposal.

(d) Government will try their best to persuade the Travancore Bank Ltd., to absorb suitable members of the staff of the Indo-Mercantile Bank Ltd., Cochin in the Travancore Bank Ltd.

(e) The Central Government have already introduced necessary legislation in Parliament to convert the Travancore Bank Ltd., as a subsidiary of the State Bank of India.

(f) Government have received representations from the All Kerala Bank Employees' Union in the matter and these representations have been brought to the notice of the Travancore Bank Ltd.

(g) Government do not see the necessity of a tripartite conference at this stage.

ശ്രീ. കെ. സി. ഏബ്രഹാം: അമാൽഗമേഷനെ സംബന്ധിച്ച് റിസർവ്വ് ബാങ്കിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അമാൽഗമേഷൻ ഇൻഡ്യാഗവണ്മെന്റിന്റെ ഒരു സ്കീമാണ്. ഈ ബാങ്കുകളെ സ്റ്റേറ്റ് ബാങ്കിന്റെ സബ്സിഡിയറി ബാങ്കുകളാക്കണമെന്നാണ് നിർദ്ദേശം. അതനുസരിച്ച് നടപടികളെടുത്തിട്ടുണ്ട്.

വിമല ആയിൽ വില്പനയുടെ ഏജൻസി.

* 1597. [32] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ ഹൈഡ്രോജനേഷൻ ഫാക്ടറിയിൽ നിന്നുണ്ടാകുന്ന വിമല ആയിൽ വില്പനയ്ക്ക് അടുത്ത വർഷത്തേയ്ക്കുള്ള ഏജൻസി ടെൻഡർ വിളിച്ചുകഴിഞ്ഞോ;

(ബി) ഏജൻസി കൊടുക്കുന്ന കാര്യത്തിൽ കോവാപ്പറേറീവ് സൊസൈറ്റികൾക്ക് മുൻഗണന നൽകുവാൻ ഏർപ്പാടു ചെയ്യുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) വില്പനയ്ക്കുള്ള കമ്മീഷൻ ക്ലിപ്തപ്പെടുത്തിയതുകൊണ്ട് ടെൻഡർ വിളിക്കേണ്ട ആവശ്യമില്ല.

(ബി) ഏജൻറന്മാരുടെ സാമ്പത്തികശേഷി, പരിചയം, കൂടുതൽ വില്പന നടത്തുവാനുള്ള കഴിവ്, ഇവയെ അടിസ്ഥാനപ്പെടുത്തിയാണ് വില്പന കൊടുക്കുന്നത്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: കഴിഞ്ഞ വർഷം ഇതേ സംബന്ധിച്ച് ചോദ്യം ചോദിച്ചപ്പോൾ ഈ സാമ്പത്തിക വർഷത്തിൽ കൺട്രാക്ട് കൊടുത്തിരിക്കുകയാണെന്നു പറഞ്ഞു. ഇപ്പോൾ ഇങ്ങനെ പറയുന്നു. ഇങ്ങനെ വ്യത്യസ്തമായ നടപടി എടുക്കുവാനുള്ള കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ: എക്സൻസി ടെൻഡർ വിളിച്ചു കൊടുക്കും എന്നു അന്നു പറഞ്ഞില്ല, ഈ സാമ്പത്തിക വർഷം ഇടങ്ങുമ്പോൾ അതിനെപ്പറ്റി പര്യാലോചിക്കുന്നതാണു് എന്നു മാത്രമേ പറഞ്ഞിരുന്നുള്ളൂ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: കണ്ണൂർ ഡിസ്ട്രിക്ടിൽ ഇതിനകം എക്സൻസികളെ ക്ഷണിച്ചുകൊണ്ടു് പത്രത്തിൽ പരസ്യപ്പെടുത്തിയിരുന്നതു് ശരിയാണോ?

ശ്രീ. കെ. പി. ഗോപാലൻ: പത്രത്തിൽ അങ്ങനെ അപേക്ഷകരെ ക്ഷണിച്ചിട്ടുണ്ടായിരുന്നു.

SHORT NOTICE QUESTIONS AND ANSWERS

എറണാകുളം തുടങ്ങിയ ജില്ലകളിൽ സിമൻറിനു നേരിട്ട ക്ഷാമം.

* 1598. [12] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം തുടങ്ങിയ ജില്ലകളിൽ സിമൻറിനു വലിയ ക്ഷാമം നേരിട്ടിരിക്കുന്ന വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ടോവൻകുർ സിമൻറ്സിൽ സാധാരണ സ്സിമൻറൽപ്പാദനം താല്ക്കാലികമായി നിറുത്തിവച്ചതാണു് ഈ ക്ഷാമത്തിനു് കാരണമെന്നറിയുന്നതു് ശരിയാണോ;

(സി) അങ്ങനെയാണെങ്കിൽ ഈ സിമൻറ് ക്ഷാമം പരിഹരിക്കാൻ എന്തു നടപടിയെടുക്കുമെന്നു വ്യക്തമാക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) ഉണ്ടു്.

(ബി) ടോവൻകുർ സിമൻറിൽ സാധാരണ സിമൻറൽപ്പാദനം താൽക്കാലികമായി നിറുത്തിവച്ചു എന്നതു് ശരിയാണു്. പകരം ഈ പ്രദേശങ്ങളിൽ ഇൻഡ്യാ സിമൻറിൽ നിന്നും സാധാരണ സിമൻറു വിതരണം ചെയ്യുന്നതിനു ഏർപ്പാടു ചെയ്തിരുന്നു. എന്നാൽ ആ സിമൻറു് റയിൽവേ വാഗണുകളും ആവശ്യാനുസരണം ലഭിക്കാതിരുന്നതുകൊണ്ടു് വിതരണം ചെയ്യുവാനുള്ള നടപടികളും നടത്തുവാൻ കഴിഞ്ഞില്ല. ഇതാണു് സിമൻറു വിതരണം ചെയ്യാതിരുന്നതിനുള്ള കാരണം.

(സി) ആവശ്യമുള്ള റയിൽവേ വാഗണുകളും ലഭിക്കുന്നതിനുവേണ്ട നടപടികളും നടത്തുവാൻ റയിൽവേ അധികൃതന്മാരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. റയിൽവേ വാഗണുകളും കിട്ടിവരുന്ന മുറയ്ക്കു് സിമൻറു് ആവശ്യംപോലെ വിതരണം ചെയ്യുന്നതിനുള്ള നടപടികളും എടുക്കുന്നതാണു്.

ശ്രീ ടി. കെ. രാമകൃഷ്ണൻ: അതു് ലഭിക്കുന്നതുവരെ പുറമെനിന്നും കൂടുതൽ സിമൻറു കിട്ടുന്നതിനുള്ള നടപടികളും എടുക്കുമോ?

ശ്രീ കെ. പി. ഗോപാലൻ: പുറമെ നിന്നും സിമൻറു കിട്ടുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ടു്. തിരുനൽവേലിയിൽ നിന്നും കൂടുതൽ സിമൻറു് ഇറക്കുമതി ചെയ്യുവാൻ ഉള്ള അനുവാദം ഇപ്പോൾ ലഭിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഭക്ഷ്യധാന്യവിതരണത്തിനു വേണ്ടി റയിൽവേ വാഗണുകളും കൂടുതലായി ഉപയോഗിക്കപ്പെടുന്നതുകൊണ്ടാണോ ഇപ്പോൾ വാഗണുകളും കിട്ടാൻ പ്രയാസം വരുന്നതു്?

ശ്രീ. കെ. പി. ഗോപാലൻ: അതു ശരിയാണു്. ഭക്ഷ്യധാന്യങ്ങൾ ടാൻസ്പോർട്ടു ചെയ്യുന്ന കാര്യത്തിനാണു് ഇൻഡ്യാ ഗവണ്മെൻറു് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly